LIBRARY ARCHIVES Kerala Legislative Assembly

പൊന്തൻപുഴ വനത്തിലേക്ക് റോഡ്

121 [2995] ശ്രീ. വി. ഡി. സതീശൻ:

" അടൂർ പ്രകാശ്:

" ടി. വി. ചന്ദ്രമോഹൻ:

" ടി. എൻ പ്രതാപൻ:

" എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്തൻപുഴ വനത്തിലേക്ക് ആലപ്ര പ്രയാറ്റുപടിയിൽ നിന്ന് ഗ്രാമപഞ്ചായത്തിന്റെ റോഡ് നിലവിലുണ്ടോ, അതിന്റെ ദൈർഘ്യം എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

രണ്ടു കിലോമീറ്റർ റോഡ് നിലവിലുണ്ട്.

കാസർഗോഡ് ജില്ലയിലെ വനം റോഡുകൾ

122 [2996] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നിർദ്ദിഷ്ട ആനച്ചാപ്പ-ചട്ടമല, കാക്കടവ്-ചെമ്മരംകയം, കോട്ടമല-വളഞ്ഞങ്ങാനം വനം റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ?

ഉത്തരം

4.750 മീറ്റർ ദൂരമുള്ള ആനച്ചാപ്പ-ചട്ടമല റോഡിന്റെ 1,925 കി. മീ: ദൂരം കഴിഞ്ഞ രണ്ടു വർഷങ്ങളിലായി മെറ്റലിങ്ങ് പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി ഭാഗങ്ങളുടെ മെറ്റലിംഗ് ഘട്ടംഘട്ടമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കാക്കടവ്-ചെമ്മരംകയം റോഡ്, കോട്ടമല-വളഞ്ഞങ്ങാനം റോഡ് എന്നിവ അഭിവൃദ്ധിപ്പെടുത്താൻവേണ്ടി 2004-2005-ലെ പ്ലാൻ ഓഫ് ഓപ്പറേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട നടപടികൾ കണ്ണൂർ ഡി.എഫ്.ഒ. സ്വീകരിച്ചുവരുന്നു.